**പതിനഞ്ചാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 226** **27-01-2026-ൽ മറുപടിയ്ക്ക്**

**<u>സർക്കാർ ആശുപത്രികളുടെ അടിസ്ഥാന സൗകര്യ വികസനം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. മോൻസ് ജോസഫ്
ശ്രീ. പി. ജെ. ജോസഫ്
ശ്രീ. അനൂപ് ജേക്കബ്
ശ്രീ. മാണി. സി. കാപ്പൻ

ശ്രീ. കെ. മുരളീധരൻ
(ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി)

**(എ)** സർക്കാർ ആശുപത്രികളുടെ അടിസ്ഥാന ചികിത്സാ സേവനങ്ങളായ ഒ.പി., ഐ.പി., അടിയന്തര ചികിത്സ, ലാബ്, മരുന്ന് വിതരണം എന്നിവ സ്ഥിരമായി മുടങ്ങുന്ന സാഹചര്യം നിലനിൽക്കുന്നതായുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിന് കാരണമാകുന്ന പ്രധാന ഘടകങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

**<u>മറുപടി:</u>** ഇല്ല സർക്കാർ ആശുപത്രികളിൽ മരുന്നുകളുടെ ലഭ്യത ഉറപ്പുവരുത്തുന്നത് Annual Indent അനുസരിച്ചുള്ള കെ.എം.എസ്.സി.എൽ-ന്റെ മരുന്ന് വിതരണത്തിലൂടെയാണ്. കൂടാതെ ലോക്കൽ പർച്ചേസ്, കാസ്പ്, ട്രൈബൽ ഫണ്ട്, ജെ.എസ്.എസ്.കെ, എൽ.എസ്.ജി.ഡി, എച്ച്.എം.സി, Other Project Fund എന്നിവ ഉപയോഗിച്ച് മരുന്ന ക്ഷാമം പരിഹരിക്കുന്നു. കഴിഞ്ഞ മൂന്ന് വർഷത്തിനിടെ മരുന്ന് ക്ഷാമം ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**(ബി)** ഡോക്ടർമാർ, നഴ്സുമാർ, പാരാമെഡിക്കൽ ജീവനക്കാർ, ശുചീകരണ തൊഴിലാളികൾ എന്നിവരുടെ അംഗീകൃത തസ്തികകളിലുള്ള നിലവിലെ ഒഴിവുകൾ നികത്താൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

**<u>മറുപടി:</u>** ഡോക്ടർമാർ, നഴ്സുമാർ, പാരാമെഡിക്കൽ സ്റ്റാഫ് എന്നീ തസ്തികകളിൽ ഉണ്ടാകുന്ന ഒഴിവുകൾ യഥാസമയം പി.എസ്.സിയ്ക്ക് റിപ്പോർട്ട് ചെയ്യുന്നുണ്ട്. സ്ഥാനക്കയറ്റ തസ്തികയിൽ ഒഴിവുകൾ വരുന്നതനുസരിച്ച് സ്ഥാനക്കയറ്റം നൽകിയും എൻട്രി കേഡറിൽ ഒഴിവുകൾ വരുന്നതിനനുസരിച്ച് പി.എസ്.സി ക്ക് റിപ്പോർട്ട് ചെയ്തും ഒഴിവുകൾ അടിയന്തിരമായി നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ ഉണ്ടാകുന്ന ഒഴിവുകൾ ജില്ലാ എംപ്ലോയ്മെന്റ് ഓഫീസർ നൽകുന്ന ലിസ്റ്റിൽ നിന്നും ഉദ്യോഗാർത്ഥികളെ അഭിമുഖം നടത്തി തെരഞ്ഞെടുത്ത് നികത്തുന്നു.

**(സി)** സർക്കാർ ആശുപത്രികളിൽ മരുന്നുകളുടെ സ്ഥിരം ലഭ്യത ഉറപ്പാക്കുന്നതിൽ പരാജയപ്പെടുന്ന സാഹചര്യം ഉണ്ടാകുന്നുണ്ടോ; എങ്കിൽ കഴിഞ്ഞ മൂന്ന് വർഷത്തിനിടെ എത്ര തവണ മരുന്നുകളുടെ

ക്ഷാമം ഉണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

**<u>മറുപടി:</u>** ഉത്തരം (എ) പിരിവിൽ ചേർത്തിരിക്കുന്നു

**(ഡി)** കിടക്കകൾ, ശൗചാലയങ്ങൾ, കുടിവെള്ള സൗകര്യം, വൈദ്യുതി, ജനറേറ്റർ സംവിധാനം, ലിഫ്റ്റ്, മാലിന്യ നിർമാർജ്ജനം എന്നിവ ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങളുടെ നിലവാരത്തെക്കുറിച്ച് വിലയിരുത്തിയിട്ടുണ്ടോ; നിലവാരക്കുറവുണ്ടെങ്കിൽ ആയത് പരിഹരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

**<u>മറുപടി:</u>** സംസ്ഥാനത്തെ എല്ലാ സർക്കാർ മെഡിക്കൽ കോളേജുകളിലും അടിസ്ഥാന സൗകര്യം ഉൾപ്പെടെയുള്ള വികസന പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പിലാക്കിയിട്ടുള്ളതിനാൽ മെഡിക്കൽ കോളേജുകളിൽ ചികിത്സയ്ക്കെത്തുന്ന രോഗികളുടെ എണ്ണത്തിൽ വലിയ വർദ്ധനവാണ് ഉണ്ടായിട്ടുള്ളത്. രോഗികളുടെ വർദ്ധനവിന് അനുസരിച്ച് രജിസ്ട്രേഷൻ ഏരിയയിൽ കൂടുതൽ കൗണ്ടറുകൾ ക്രമീകരിച്ച് രജിസ്ട്രേഷൻ നടപടികൾ വേഗത്തിലാക്കി അറുപത് വയസ്സിന് മുകളിൽ പ്രായമുള്ള രോഗികൾ, ഭിന്നശേഷിക്കാർ എന്നിവർക്കായി പ്രത്യേക ക്യൂ സംവിധാനം നടപ്പിലാക്കി. രോഗികൾക്കും, കൂട്ടിരിപ്പുകാർക്കും പ്രത്യേക വെയിറ്റിംഗ് ഏരിയ സജ്ജമാക്കുകയും ഈ സ്ഥലങ്ങളിൽ വാട്ടർ പ്യൂരിഫയർ ഉൾപ്പെടെയുള്ള കുടിവെള്ള സംവിധാനവും പ്രത്യേക ടോയ്ലറ്റ് സംവിധാനവും രോഗികൾക്കും കൂട്ടിരിപ്പുകാർക്കുമായി എൽ.ഇ.ഡി ടി വിയും, ഫർണ്ണിച്ചറുകളും, രോഗികൾക്ക് ദിശ മനസ്സിലാക്കുന്നതിനുള്ള സൈൻ ബോർഡുകളും. പബ്ലിക് അനൗൺസ്മെന്റ് സിസ്റ്റവും സജ്ജമാക്കി വൈദ്യുതി തടസ്സം ഇല്ലാതെ ലഭ്യമാക്കുന്നതിനു എല്ലാ മെഡിക്കൽ കോളേജുകളിലും ജനറേറ്ററുകൾ സ്ഥാപിച്ചിട്ടുണ്ട്. മാലിന്യ നിർമ്മാർജ്ജനം കാര്യക്ഷമമായിനടപ്പിലാക്കിയിട്ടുണ്ട്. രോഗികളുടെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിനായി "creation of Patient Friendly Environment" എന്ന സ്കീമിൽ ഉൾപ്പെടുത്തി എല്ലാവർഷവും പ്രത്യേകമായി തുക അനുവദിക്കുന്നുണ്ട്. ഖര മാലിന്യ നിർമ്മാർജ്ജനത്തിനായി Waste Treatment Facilities എന്ന സ്കീമിൽ ഉൾപ്പെടുത്തി എല്ലാ വർഷവും പ്രത്യേകമായി തുക അനുവദിക്കുന്നുണ്ട്. ദ്രവ മാലിന്യ നിർമ്മാർജ്ജനത്തിനായി എല്ലാ മെഡിക്കൽ കോളേജുകളിലും സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ സ്ഥാപിച്ചിട്ടുണ്ട്. രോഗികൾക്കായി എല്ലാ മെഡിക്കൽ കോളേജുകളിലും ലിഫ്റ്റുകൾ സ്ഥാപിച്ചിട്ടുണ്ട്. ലിഫ്റ്റുകളുടെ പ്രവർത്തനം കാര്യക്ഷമമായി നടത്തുന്നതിനും പരിശോധിക്കുന്നതിനും ടെക്നീഷ്യന്മാരെ നിയമിച്ചിട്ടുണ്ട്. രോഗികളുടെ സ്വകാര്യത ഉറപ്പു വരുത്തുന്നതിനായി ക്യൂബിക്കിളുകൾ നിർമ്മിക്കുകയും അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഇപ്രകാരം രോഗികൾക്കും കൂട്ടിരിപ്പുകാർക്കും സൗകര്യാത്മകവും പ്രവർത്തനപരവുമായ ഒരു ആധുനിക ആശുപത്രി സംവിധാനം എല്ലാ മെഡിക്കൽ കോളേജുകളിലും ഒരുക്കാൻ കഴിഞ്ഞിട്ടുണ്ട്.

പ്രാഥമികതലം മുതൽ ജില്ലാ/ജനറൽ ആശുപത്രിതലം വരെയുള്ള മുഴുവൻ ആശുപത്രികളുടെയും അടിസ്ഥാന സൗകര്യ വികസനത്തിനും ആശുപത്രികളെ രോഗീസൗഹൃദമാക്കുന്നതിനും ഉള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. എല്ലാ ആശുപത്രികളിലെയും അടിസ്ഥാന സൗകര്യങ്ങൾ കൃത്യമായ ഇടവേളകളിൽ വിലയിരുത്താറുണ്ട്. മന്ത്രിതലത്തിലും വകുപ്പുതലത്തിലും ജില്ലാ മെഡിക്കൽ ഓഫീസ് തലത്തിലും ഡി.എച്ച്.എസ് തലത്തിലും നടക്കുന്ന അവലോകന യോഗങ്ങൾ, മെഡിക്കൽ ഓഫീസർമാരുടെ പ്രതിമാസ കോൺഫറൻസുകളിലും ആശുപത്രികളിലെ ഇന്റേണൽ അസ്സസ്സ്മെന്റ്, PEER അസ്സസ്സ്മെന്റ് മുതലായവ വഴി ആശുപത്രികളിലെ അടിസ്ഥാന സൗകര്യങ്ങളെക്കുറിച്ച് വിലയിരുത്തുകയും അപാകതകൾ പരിഹരിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ സ്വീകരിക്കുകയും ചെയ്യാറുണ്ട്. കൂടാതെ കായകൽപ, NQAS എന്നിവ വഴിയും അനാലിസിസ് നടത്താറുണ്ട്.

**സെക്ഷൻ ഓഫീസർ**